LIBRARY ARCHIVES Kerala Legislative Assembly

പെൻഷനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി

34 [614] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കലാകാരന്മാർക്ക് പെൻഷൻ നൽകുന്നുണ്ട്;

(ബി) ഏത് കാലയളവുവരെയുള്ള പെൻഷൻ ഇതിനകം നൽകിയിട്ടുണ്ട്;

(സി) കലാകാരപെൻഷന് കാലതാമസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്നും കൂടുതൽ പേർക്ക് പെൻഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1424 പേർക്ക്.

(ബി) 2005 മേയ് മാസം വരെയുള്ള പെൻഷൻ വിതരണത്തിനായി ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) കേന്ദ്ര-സംസ്ഥാന പദ്ധതിപ്രകാരം പെൻഷന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് കേന്ദ്രസർക്കാരാണ്. സംസ്ഥാന പദ്ധതിപ്രകാരമുള്ള കലാകാരപെൻഷൻ 1500 പേർക്കായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ പേർക്ക് പെൻഷൻ നൽകാൻ കഴിയുമോ എന്ന കാര്യം അർഹരായ അപേക്ഷകരുടെ എണ്ണം നിർണ്ണയിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

കലാകാരന്മാർക്കുള്ള പെൻഷൻ

35 [615] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കലാകാരന്മാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്; ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;